**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **06-10-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളിതുവരെ സ്ഥാപിക്കപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നാളിതുവരെ 37 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയതിൽ 8 പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.<br><br>പാലക്കാട് -3, കണ്ണൂർ - 2, എറണാകുളം - 2, ഇടുക്കി - 1 |
| (ബി) | വിവിധ സ്വകാര്യ വ്യവസായ പാർക്കുകൾ വഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഓരോ പാർക്ക് വഴിയും എത്ര രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തനം ആരംഭിച്ച 8 സ്വകാര്യ വ്യവസായ പാർക്കുകളിലൂടെ ഏകദേശം 1600 പേർക്ക് തൊഴിലും ഏകദേശം 1750 കോടി രൂപയുടെ നിക്ഷേപവും ലഭിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാറിന്റെയും ഈ സർക്കാറിന്റെയും കാലത്ത് എത്ര ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റിയിട്ടുണ്ട്; എത്ര ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമിയൊന്നും വ്യവസായ ഭൂമിയാക്കി മാറ്റിയിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് 37 സ്വകാര്യ വ്യവസായ പാർക്കുകൾ വഴി 448 ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ